**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഓട്ടോറിക്ഷകൾക്ക് സംസ്ഥാന പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഓട്ടോറിക്ഷകൾക്ക് സംസ്ഥാനത്ത് എവിടെയും സർവീസ് നടത്താനുള്ള പെർമിറ്റ് നൽകാൻ സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഓട്ടോറിക്ഷകൾക്ക് സംസ്ഥാനത്തെവിടെയും സർവ്വീസ് നടത്താനുള്ള പെർമിറ്റ് നൽകുന്നതിന് 10.07.2024-ൽ ചേർന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിൽ തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അജണ്ട ഐറ്റം നമ്പർ 11, 12 എന്നിവയിലെ വിഷയങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനം കൈക്കൊണ്ടത്. |
| (ബി) | പ്രസ്തുത തീരുമാനമെടുക്കുന്നതിന് മുൻപ് ഓട്ടോറിക്ഷകൾ ദീർഘയാത്രയ്ക്ക് രൂപകൽപ്പന ചെയ്തിട്ടുള്ള വാഹനമല്ലെന്ന കാര്യം പരിഗണിച്ചിരുന്നോ; | (ബി) | ഓട്ടോറിക്ഷകളുടെ നൂതന സാങ്കേതികവിദ്യാധിഷ്ഠിതമായ നിർമ്മിതിയും ആധുനികവൽക്കരണവും, കൂടാതെ സംഘടനകളുടേയും വ്യക്തികളുടേയും സ്റ്റേറ്റ് പെർമിറ്റിനായുള്ള ആവശ്യവും തീരുമാനമെടുക്കുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) | ഓട്ടോറിക്ഷയിലെ ദീർഘദൂര യാത്രകൾ അപകടങ്ങൾ വർദ്ധിപ്പിക്കാൻ ഇടയാക്കും എന്ന ആശങ്ക പരിശോധിച്ചിരുന്നോ; വിശദമാക്കാമോ? | (സി) | റോഡ്/ട്രാഫിക് നിയമങ്ങൾ യഥാവിധി പാലിക്കുന്നത് അപകടങ്ങൾക്കുള്ള സാധ്യത കുറയ്ക്കും. ഓട്ടോറിക്ഷകൾക്ക് സ്റ്റേറ്റ് പെർമിറ്റ് അനുവദിക്കുന്ന വേളയിൽ ആയത് ആവശ്യക്കാർക്ക് മാത്രമായി പരിമിതപ്പെടുത്താനും നിലവിലുള്ള ജില്ലാ പെർമിറ്റ് സംവിധാനം നിലനിർത്താനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ